കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ നിർമ്മാണം - പഴയകെട്ടിടം പൊളിച്ചുമാറ്റുവാനുള്ള അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ)397/15/തസ്വഭവ തിരുവനന്തപുരം, തീയതി, 07.02.2015

==========================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 25.10.2014 ലെ 5488/ജെആർവൈ.2/2013/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ നിലവിലുള്ള ഓഫീസ് കെട്ടിടം ചോർന്നൊലിക്കുന്ന അവസ്ഥയിലായതിനാലും മെയിന്റനൻസ് നടത്തി ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിൽ ആയതിനാലും നിലവിലുള്ള കെട്ടിടം പൊളിച്ച് നീക്കുന്നതിനും വേണ്ടത്ര സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അനുവാദം നൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം അറിയിച്ചിരുന്നു.

സർക്കാര്യം ഇക്കാര്യം വിശദമായി പരിശോധിച്ചു. മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് ബഹുവർഷ പ്രോജക്ടായി 2014-15 ലും 2015-16 ലും ആകെ 1.16 കോടി രൂപ ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് വകയിരുത്തി പ്ലാൻ ഫണ്ടിൽ നിന്നും ചെലഴിക്കുവാൻ തീരുമാനിച്ച സാഹചര്യത്തിൽ ബ്ലോക്ക് ഓഫീസിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റുവാനുള്ള അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
രാമൻകുട്ടി സി.
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, മണ്ണാർക്കാട്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ